B3/36/2022-TC

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം – 695 014
ഇ–മെയിൽ : tcoffice.mvd@kerala.gov.in
വെബ്: www.mvd.kerala.gov.in
ഫോൺ :0471–2333317 / 37
തീയതി: **29/04/2022**

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും (എൻഫോഴ്സ്മെന്റ്)
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കും. (ചെക്ക് പോസ്റ്റ്)

സർ,

വിഷയം:– മോട്ടോർ വാഹന വകുപ്പ് – മോട്ടോർ വാഹന നിയമം 88(8) അനുസരിച്ച് തെലുങ്കാന സംസ്ഥാനത്തുനിന്നും വരുന്ന താൽക്കാലിക പെർമിറ്റുള്ള വാഹനങ്ങൾക്ക് നികുതി ഒഴിവാക്കുന്നത് – സംബന്ധിച്ച്.

സൂചന :– 1) സർക്കുലർ നം.17/2017.
2) ഈ ഓഫീസിൽ നിന്നുള്ള 03.01.2020 -ലെ കത്ത് നമ്പർ ബി1/ഇ–717271/റ്റിസി/2020 നമ്പർ കത്ത്.
3) തെലുങ്കാന ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയുടെ 20/12/2021 –ലെ കത്ത് നം.4983/Tr(1)2021.

സൂചന(2) പ്രകാരം ഈ ഓഫീസിൽ നിന്നും നൽകിയ കത്തിലേയ്ക്ക് താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) കേരളത്തിൽ രജിസ്റ്റർ ചെയ്തതും മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88(8) പ്രകാരം സ്പെഷ്യൽ പെർമിറ്റ് എടുത്ത് തെലുങ്കാനയിലേയ്ക്ക് പോകുന്ന 13 സീറ്റിന് മുകളിലുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് തെലുങ്കാന സർക്കാർ നികുതിയിളവ് അനുവദിക്കുന്നതിനാൽ തെലുങ്കാനയിൽ നിന്ന് കേരളത്തിൽ പ്രവേശിക്കുന്ന മേൽത്തരം വാഹനങ്ങൾക്കും നികുതിയിളവ് നൽകാൻ സൂചന(2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തെലുങ്കാനയിൽ രജിസ്റ്റർ ചെയ്ത് സെക്ഷൻ 88(8) പ്രകാരം സ്പെഷ്യൽ പെർമിറ്റ് എടുത്ത് കേരളത്തിൽ പ്രവേശിക്കുന്ന മാക്സി ക്യാബ് ഒഴികെയുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിൽ നിന്നും കേരളത്തിലെ ചില ചെക്ക് പോസ്റ്റുകളിൽ നികുതി ഈടാക്കുന്നുവെന്നും, അത് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും സൂചന(3) പ്രകാരം തെലുങ്കാന ഗതാഗത വകുപ്പ് സെക്രട്ടറി

ആവശ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ തെലുങ്കാന സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള മാക്സി ക്യാബ് ഒഴികെയുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88(8) പ്രകാരം സ്പെഷ്യൽ പെർമിറ്റ് എടുത്ത് കേരളത്തിൽ പ്രവേശിക്കുമ്പോൾ പ്രസ്തുത വാഹനങ്ങളിൽ നിന്നും കേരളത്തിന് നികുതി ഈടാക്കേണ്ടതില്ല എന്ന് ഇതിനാൽ വീണ്ടും നിർദ്ദേശം നൽകുന്നു.

Digitally signed by A K SASIKUMAR
Date:Fri Apr 29 17:27:02 IST 2022
Reason: Approved

വിശ്വസ്തതയോടെ,

A K Sasikumar
Senior Deputy Transport Commissioner

പകർപ്പ് :-

സെക്രട്ടറി,
ഗതാഗത(ബി) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.
(ആമുഖ കത്ത് മുഖേന) – അറിവിലേയ്ക്കായി

...